LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കുടുംബശ്രീ ആർ.സി.സി.-യുമായും ആരോഗ്യവകുപ്പുമായും സഹകരിച്ചുകൊണ്ട് അർബുദരോഗ നിർണ്ണയ സ്ക്രീനിംഗ് നടത്തുന്നതിനും ക്യാൻസർ ബോധവൽക്കരണം നടത്തുന്നതിനും ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്വാസ്ഥ്യം.

(ബി) സംസ്ഥാനത്ത് നിലവിലുള്ള 40 ലക്ഷത്തിൽപരം കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്യാൻസർ സ്ക്രീനിംഗ് നടത്തി രോഗസാധ്യതയുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് അടുത്തുള്ള അർബുദ ചികിത്സാകേന്ദ്രത്തിൽ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ക്യാൻസർ രോഗത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ അകറ്റുന്നതിനും ക്യാൻസർ ചികിത്സയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(സി) സ്വാസ്ഥ്യം പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം ആർ.സി.സി.-യും കുടുംബശ്രീയും, സംസ്ഥാന ആരോഗ്യവകുപ്പും സംയുക്തമായി പത്തനംതിട്ട ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുണ്ട്. ഇത് ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയാണ് ഉദ്ദേശ്യം. സ്ക്രീനിംഗ് പ്രോഗ്രാമിലൂടെ തടയാവുന്ന ക്യാൻസർ രോഗങ്ങളോ/നേരത്തെ കണ്ടുപിടിച്ചാൽ ഉചിതമായി ചികിത്സിക്കാൻകഴിയുന്ന ക്യാൻസർ രോഗങ്ങളോ നേരത്തേ കണ്ടുപിടിക്കാവുന്നതാണ്.

(ഡി) കുടുംബശ്രീ മിഷൻ, സാമൂഹിക സുരക്ഷാവകുപ്പ്, റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, സംസ്ഥാന ആരോഗ്യവകുപ്പ് എന്നിവരാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

ആലപ്പുഴ ജനറൽ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ

34 (726) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജനറൽ ആശുപത്രി കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുതകെട്ടിടങ്ങൾ അറ്റകുറ്റപ്പണിനടത്തി ഉപയോഗപ്രദമാക്കുന്നതിനും ജനറൽ ആശുപത്രിയുടെ വികസനത്തിനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന്റെയും മുകൾനിലയിലെയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടോമാകെയറിന്റെ അറ്റകുറ്റപ്പണികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ്, ആർ.എം.ഒ. ക്വാർട്ടേഴ്സ്, നഴ്സ് ക്വാർട്ടേഴ്സ്, നിലവിൽ ഡി.എം.ഇ.-യുടെ അധീനതയിലുള്ള ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഒ.പി. വിഭാഗങ്ങൾ, ലാബ്, വാർഡുകൾ, എക്സ്റേ വിഭാഗങ്ങൾ ഇവയുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ട എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി.യിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും ഭരണാനുമതിക്കായി ഉടൻ സമർപ്പിക്കുന്നതാണെന്നും ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിട്ടുണ്ട്.

കിടത്തി ചികിത്സാസൗകര്യമുള്ള ആശുപത്രികൾ

35 (727) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടത്തി ചികിത്സാ സൗകര്യമുള്ള മെഡിക്കൽ കോളേജ് ആശുപത്രികളുൾപ്പെടെ എത്ര സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിലൊട്ടാകെ എത്ര കിടക്കകളാണുള്ളത് ; ശരാശരി എത്ര രോഗികളെ കിടത്തി ചികിത്സിക്കേണ്ടിവരാറുണ്ട് ;

(സി) മെഡിക്കൽ കോളേജാശുപത്രികൾ, എസ്.എ.ടി. പോലുള്ള വനിതാ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ കിടക്കകളിലും വളരെയധികം രോഗികളെ കിടത്തി ചികിത്സിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ഡി) ഇത്തരം ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ?

ഉത്തരം

(എ) 8 സർക്കാർ മെഡിക്കൽ കോളേജുകളിലും കിടത്തി ചികിത്സ നടത്തിവരുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെകീഴിൽ കിടത്തി ചികിത്സാ സൗകര്യമുള്ള 535 സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly